വല്ലാർപാടം ഉദ്ഘാടനം; ഏറെ സന്തോഷം ബാബുപോളിന്

തിരുവനന്തപുരം: ഫെബ്രുവരി 11ന് കൊച്ചിയിൽ വല്ലാർപാടത്ത് ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പ്രധാനമന്ത്രി മൻമോഹൻസിംഗ് ഉദ്ഘാടനം ചെയ്യുമ്പോൾ ഏറ്റവും അധികം സന്തോഷിക്കുക ഈ പദ്ധതിയുടെ ഉപജ്ഞാതാവായ മുൻ അഡിഷണൽ ചീഫ് സെക്രട്ടറിയും ഓംബുഡ്സ്മാനുമായ ഡോ. ഡി. ബാബുപോൾ ആയിരിക്കും. അദ്ദേഹത്തിന് കൂടുതൽ സന്തോഷിക്കാൻ വകയുള്ളത് പഴയ സഹപ്രവർത്തകന്റെ കമന്റ് ഓർക്കുമ്പോഴാണ്.



1984ൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാനായിരുന്ന ബാബുപോളിന് ജപ്പാനിലെ ഒരുമീറ്റിംഗിന് ശേഷമാണ് ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ എന്ന ആശയം ലഭിക്കുന്നത്. ഈ ആശയം ബാബുപോൾ ആദ്യമായി പങ്കിട്ടത് അന്ന് പോർട്ട് ട്രസ്റ്റ് ഡെപ്യൂട്ടി ചെയർമാനായിരുന്ന മാത്യുവുമായാണ്. ''ഐഡിയ കൊള്ളാം, താങ്കൾ റിട്ടയർ ചെയ്താലും ഇത് പ്രാവർത്തികമാകില്ല എന്നായിരുന്നു മാത്യുവിന്റെ കമന്റ്.

1995ൽ തീർക്കണമെന്ന് താൻ 1985ൽ നോട്ട് എഴുതിയ പദ്ധതി പൂർത്തിയാവാൻ 16 വർഷം അധികമെടുത്തെങ്കിലും താൻ ജീവിച്ചിരിക്കുന്ന സമയത്തെങ്കിലും നടപ്പിലായല്ലോ എന്ന സംതൃപ്തിയും സന്തോഷവുമാണ് ബാബുപോളിന്റെ മുഖത്ത്.

വല്ലാർപാടത്തെ ഭൂമി ഉപയോഗിക്കേണ്ടതിനെക്കുറിച്ച് പലർക്കും പല ആശയങ്ങൾ ഉണ്ടായിരുന്നു. എന്നാൽ തന്റെ ആശയം പ്രാവർത്തികമാക്കാൻ അന്ന് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയുടെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള അവസരവും ബാബുപോൾ സമർത്ഥമായി ഉപയോഗിച്ചു. ലക്ഷദ്വീപിൽ ഒഴിവുകാലം ആഘോഷിക്കാൻ പോകുന്ന പ്രധാനമന്ത്രിയും സംഘവും കൊച്ചിയിലിറങ്ങി കപ്പലിൽ പോകുമ്പോൾ വായിക്കാനുള്ള പുസ്തകങ്ങളുടെകൂടെ ഈ പദ്ധതിയുടെ രൂപരേഖയും വയ്ക്കാനായിരുന്നു ബാബുപോളിന്റെ നിർദ്ദേശം. എന്നാൽ അന്ന് കൊച്ചിയിലെ നാവിക മേധാവിയായിരുന്ന അഡ്മിറൽ ഹിരനന്ദാനിയുടെ നിർദ്ദേശപ്രകാരം 55 സെക്കൻഡുകൊണ്ട് വായിച്ചു തീർക്കാവുന്ന ഒരു കുറിപ്പ് ആക്കി മാറ്റുകയായിരുന്നു. അത് അത്രയും ചുരുക്കാൻ 7 മണിക്കൂർ സമയമാണ് ബാബുപോൾ എടുത്തത്. ആഗോളവത്കരണത്തിന്റെ മണം വരുന്നതിനുമുമ്പുതന്നെ ബി.ഒ.ടി അടിസ്ഥാനത്തിൽ തുറമുഖം വികസിപ്പിക്കാനുള്ള രൂപരേഖ തയ്യാറാക്കാൻ കഴിഞ്ഞതിൽ ബാബുപോൾ അഭിമാനംകൊള്ളുന്നു.

ഇന്റർനാഷണൽ ടെക്നോളജി ലാ അസോസിയേഷന്റെ 2010 ഐടെക്ക് ലാ ഇൻഡ്യാ ട്രാവലിംഗ് ഫെലോഷിപ്പ് അവാർഡിന് അർഹനായ അഡ്വ. നിഖിൽ നരേന്ദ്രൻ. ബാംഗ്ലൂരിലെ ട്രൈലീഗിൽ ലാ ഫേമിൽ അസോസിയേറ്റായി പ്രവർത്തിക്കുന്ന നിഖിൽ നരേന്ദ്രൻ തിരുവനന്തപുരം കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയർ അഡ്വ. വഴുതക്കാട് നരേന്ദ്രന്റെയും സെന്റ്സേവിയേഴ്സ് കോളേജ് പ്രൊഫസർ ഡോ. ലേഖാ നരേന്ദ്രന്റെയും മകനാണ്.

രാധാകൃഷ്ണന്റെയും സൂര്യനാരായണന്റെയും ജാമ്യാപേക്ഷ നാളെ

പാലക്കാട്: മലബാർ സിമന്റ്സ് മുൻ സെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടെയും മരണത്തിൽ ആത്മഹത്യാപ്രേരണയ്ക്ക് പ്രതി ചേർക്കപ്പെട്ട വിവാദ വ്യവസായി വി.എം. രാധാകൃഷ്ണനും മലബാർ സിമന്റ്സ് എം.ഡിയുടെ പേഴ്സണൽ സെക്രട്ടറി പി. സൂര്യനാരായണനും നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ജില്ലാ കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. കേസ് ഡയറി ഹാജരാക്കാൻ കോടതി പൊലീസിന് നിർദ്ദേശം നൽകി. കേസിലെ ഒന്നാം പ്രതിയായ മലബാർ സിമന്റ്സ് എം.ഡി. സുന്ദരമൂർത്തി ഇതുവരെ ജാമ്യാപേക്ഷയൊന്നും നൽകിയിട്ടില്ല.

യോഗം പ്രവർത്തകർ മാർച്ച് നടത്തി

പാലക്കാട്: മലബാർ സിമന്റ്സ് മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടെയും ദുരൂഹ മരണത്തിന് ഉത്തരവാദികളായവരെ തുറുങ്കിൽ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് എസ്. എൻ. ഡി. പി യോഗം ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് പുതുശ്ശേരി കസബ പൊലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. സ്ത്രീകളടക്കമുള്ള ആയിരക്കണക്കിന് ശ്രീനാരായണീയർ മാർച്ചിൽ അണിനിരന്നു. ശശീന്ദ്രന്റെ കൊലയാളികളെ സംരക്ഷിക്കുന്നവർക്കെതിരെ ശക്തമായ നിലപാട് എടുക്കണമെന്ന് പ്രവർത്തകർ ആവശ്യപ്പെട്ടു. രാവിലെ 10.30ന് പുതുശ്ശേരി കുരുടിക്കാടിൽ നിന്നാണ് മാർച്ച് ആരംഭിച്ചത്.

പട്ടികജാതി/വർഗ വികസന വകുപ്പുകൾക്ക് ദേശീയ പുരസ്കാരം

തിരുവനന്തപുരം

പട്ടികജാതി/വർഗ വികസന വകുപ്പുകളുടെ ഓൺലൈൻ സ്കോളർഷിപ്പ് വിതരണ പദ്ധതിയായ ഇ-ഗ്രാന്റ്സിന് കേന്ദ്ര സർക്കാരിന്റെ അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻറ് പബ്ലിക് ഗ്രീവൻസ് വകുപ്പ് നൽകുന്ന 2011ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു.

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്ന (പട്ടികജാതി/വർഗ) വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് ഇ-ഗ്രാന്റ്സ്. വിദ്യാർത്ഥികൾക്ക് ബാങ്ക് എ.റ്റി.എമ്മിലൂടെ സ്റ്റൈപൻറും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഫീസുകൾ സ്ഥാപനത്തിന്റെ അക്കൗണ്ടിലൂടെയും നൽകും. സംസ്ഥാനത്തെ മൂന്ന് ലക്ഷം വിദ്യാർത്ഥികൾക്കും 3450 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇ-ഗ്രാന്റ്സ് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഫെബ്രുവരി 10ന് ഔറംഗബാദിൽ നടക്കുന്ന ദേശീയ ഇ-ഗവേണൻസ് കോൺഫറൻസിൽ അവാർഡ് വിതരണം ചെയ്യും.

പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം

സ്വകാര്യ/സ്വാശ്രയ/എയ്ഡഡ് എൻജിനിയറിംഗ് കോളേജുകളിലെ എം.ടെക്/എം.ഇ സ്വാശ്രയ ബിരുദാനന്തര ബിരുദകോഴ്സുകളിലെയും സംസ്ഥാന സർക്കാരിന്റെയും ഫാക്ടിന്റെയും സംയുക്ത സംരംഭമായ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് വെൽഡിങ് ആൻറ് റിസർച്ചിലേയും മെറിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം ലഭിച്ച പട്ടികജാതി/വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു.

മികച്ച ഡോക്ടർക്ക് പുരസ്കാരം

ഡോക്ടർമാർക്കുള്ള സംസ്ഥാന സർക്കാരിന്റെ 2010ലെ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് സഹകരണ സ്വതന്ത്ര സ്ഥാപനങ്ങൾ, സ്വകാര്യമേഖല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് വെവ്വേറെ അവാർഡുകളും സംസ്ഥാനത്തെ പൊതുമേഖലയിലെ മികച്ച ദന്തൽ ഡോക്ടർക്ക് പ്രത്യേക അവാർഡും നൽകും. തിരഞ്ഞെടുക്കുന്നവർക്ക് 10,000 രൂപയും മെറിറ്റ് സർട്ടിഫിക്കറ്റ് നൽകും.

നിബന്ധനകളും, മറ്റ് വിവരങ്ങളും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഇ.എസ്.ഐ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും, ആരോഗ്യ കേരളം വെബ്സൈറ്റായ www.dhskerala.gov.inലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിലും ലഭിക്കും.

ഡെപ്യൂട്ടേഷൻ

സ്റ്റാഫ് സെലക്ഷൻ കമ്മിഷനിൽ മെമ്പറിന്റെ (ജോയിൻറ് സെക്രട്ടറി തലത്തിൽ) ഡെപ്യൂട്ടേഷൻ ഒഴിവുണ്ട്. വിശദവിവരം www.prd.kerala.gov.in സൈറ്റിൽ പരിശോധിക്കാം.

നഴ്സസ് പുരസ്കാരം

സംസ്ഥാനത്തെ സർക്കാർ മേഖലയിൽ നഴ്സിങ് ഉദ്യോഗസ്ഥർക്കുള്ള (ജനറൽ ആൻറ് പബ്ലിക് ഹെൽത്ത്) 2011 ലെ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷയുടെ മാതൃകയും തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡവും ജില്ലാ മെഡിക്കൽ ഓഫീസുകളിലും www. dhskerala.gov.in വെബ്സൈറ്റിലും ലഭിക്കും.

മുസ്ലിം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പാലോളി മുഹമ്മദ് കുട്ടി ശുപാർശ പ്രകാരം ഡിഗ്രി, പി.ജി., പ്രൊഫഷണൽ കോഴ്സുകൾക്ക് 2010 - 11 വർഷം പഠിക്കുന്ന മുസ്ലിം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് പുതുക്കാൻ അവസാനതീയതി ഫെബ്രുവരി 16 വരെ ദീർഘിപ്പിച്ചു. വിശദവിവരം www. dcescholarship. kerala.gov.in സൈറ്റിൽ ലഭിക്കും.

വെടിമരുന്ന് അപകടം : അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ത്രാങ്ങാലിയിലെ അനധികൃത വെടിമരുന്ന് നിർമ്മാണശാലയിലുണ്ടായ അപകടത്തെക്കുറിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജയകുമാറിനെ ചുമതലപ്പെടുത്തി.

അദ്ധ്യാപക തസ്തിക ഒഴിവ്

പട്ടികവർഗ വികസന വകുപ്പിന്റെ തിരുവനന്തപുരം ഞാറനീലി, ഡോ. അംബേദ്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ സ്കൂളിൽ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, മാത്തമാറ്റിക്സ്, ഫിസിക്സ്, സോഷ്യൽ സയൻസ്, മ്യൂസിക്, ഫിസിക്കൽ എജ്യൂക്കേഷൻ വിഷയങ്ങളിൽ അദ്ധ്യാപകരുടെയും കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ, ലാബ് അസിസ്റ്റൻറ് , ലൈബ്രേറിയൻ തസ്തികകളുടേയും താൽക്കാലിക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അദ്ധ്യാപക തസ്തികകളിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും ബി.എഡും ഉണ്ടാവണം. കമ്പ്യൂട്ടറിലുള്ള അറിവും ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടാവണം. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്, വികാസ് ഭവൻ, തിരുവനന്തപുരം വിലാസത്തിൽ ഫെബ്രുവരി 14 ന് മുമ്പ് അപേക്ഷിക്കണം.

ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രഫി

സി-ഡിറ്റ് കവടിയാർ കേന്ദ്രത്തിൽ ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രഫി (റഗുലർ/ഈവനിങ്) സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സിയാണ് യോഗ്യത. അവസാന തീയതി ഫെബ്രുവരി 17. കവടിയാർ ടെന്നീസ് ക്ലബ്ബിന് സമീപം സി-ഡിറ്റിന്റെ കമ്മ്യൂണിക്കേഷൻ ട്രെയിനിങ് സെൻററുമായി ബന്ധപ്പെടണം. ഫോൺ : 0471 2721917/9400330829.

സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

നോർക്ക - റൂട്ട്സിന്റെ എറണാകുളം - ഓഫീസിൽ ഫെബ്രുവരി 10ന് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ഉണ്ടാവില്ല.

ഓട്ടോകാഡ് കോഴ്സ്

തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ് വകുപ്പ് എസ്.എസ്. എൽ.സി കഴിഞ്ഞവർക്കുവേണ്ടി 60 മണിക്കൂർ ദൈർഘ്യമുള്ള ഓട്ടോകാഡ് 2 ഡി (ലെവൽ 1) കോഴ്സ് ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447890461.

പണമടച്ചിട്ടും വെള്ളമില്ല; 5000 രൂപ നഷ്ടപരിഹാരം നൽകണം

തിരുവനന്തപുരം: പണമടച്ചിട്ടും വിച്ഛേദിച്ച വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാത്തതിന് വാട്ടർ അതോറിട്ടി 5000 രൂപ നഷ്ടപരിഹാരവും 1000 രൂപ കോടതിച്ചെലവും നൽകാൻ സംസ്ഥാന ഉപഭോക്തൃ കമ്മിഷൻ ഉത്തരവിട്ടു. കൊല്ലം സ്വദേശി ശശിധരൻ വാട്ടർ അതോറിട്ടിയിലെ എക്സിക്യൂട്ടീവ് എൻജിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ തുടങ്ങിയവരെ എതിർകക്ഷികളായി നൽകിയ ഹർജിയിലാണ് ജസ്റ്റിസ് കെ.ആർ. ഉദയഭാനു, എസ്. ചന്ദ്രമോഹനൻ നായർ എന്നിവരടങ്ങുന്ന കമ്മിഷന്റെ ഉത്തരവ്. അഭിഭാഷകരായ ചെറുന്നിയൂർ ശശിധരൻ നായർ, ശ്രീവരാഹം എൽ.ജി. മഹേഷ് എന്നിവർ ഹാജരായി.

ട്രാൻസ്പോർട്ട് ഡ്രൈവർക്ക് 6 മാസം തടവ്

തിരുവനന്തപുരം : ബൈക്ക് യാത്രികൻ ബസിടിച്ച് മരിച്ച സംഭവത്തിൽ കെ.എസ്.ആർ.ടി.സി ഡ്രൈവർ പള്ളിച്ചൽ സ്വദേശി പ്രദീപ്കുമാറിന് ആറുമാസം തടവ്. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് സതീഷ്കുമാറിന്റേതാണ് വിധി. റോബിൻസൺ (33) ആണ് ബസിടിച്ച് മരിച്ചത്. 2006 ജൂൺ 24ന് കരമന- പാപ്പനംകോട് റോഡിൽ കല്പാകത്തുവച്ചാണ് സംഭവം. പ്രോസിക്യൂഷനുവേണ്ടി എ.പി.പി. ജയിൽകുമാർ ഹാജരായി.

സൈനിക് സ്കൂൾ പ്രവേശന പരീക്ഷാഫലം

തിരുവനന്തപുരം: കഴക്കൂട്ടം സൈനിക് സ്കൂൾ നടത്തിയ പ്രവേശന പരീക്ഷയിൽനിന്ന് ഇന്റർവ്യൂവിനും വൈദ്യപരിശോധനയ്ക്കും തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ഇന്ന് പ്രസിദ്ധപ്പെടുത്തും. ഫലം www.sainikschooltvm.org എന്ന വെബ്സൈറ്റിലും 0471-2418247 എന്ന നമ്പരിലും ലഭ്യമാണ്.

സൗമ്യയ്ക്കു വേണ്ട ചികിത്സ കിട്ടിയില്ല: ബിനു കൃഷ്ണ

തിരുവനന്തപുരം: ട്രെയിനിൽ പീഡനത്തിനിരയായി മരിച്ച സൗമ്യയ്ക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിൽ ആരോഗ്യവകുപ്പ് പരാജയപ്പെട്ടതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് മന്ത്രി പി.കെ. ശ്രീമതി രാജിവയ്ക്കണമെന്ന് മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ബിനു കൃഷ്ണ ആവശ്യപ്പെട്ടു. തൃശൂർ മെഡിക്കൽ കോളേജിലെത്തിച്ച സൗമ്യയ്ക്ക് ആറ് മണിക്കൂർ സാധാരണ ചികിത്സ നൽകിയതിന് ശേഷമാണ് തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചത്. വിദഗ്ദ്ധ ടീമിനെവയ്ക്കാൻ മന്ത്രിയോ ബന്ധപ്പെട്ട അധികൃതരോ നിർദ്ദേശം നൽകിയില്ല-ബിനു കൃഷ്ണ ആരോപിച്ചു.

കുൺകൃഷി പരിശീലനം

തിരു: ശാന്തിഗിരി എനർജി ആൻഡ് എൺവയൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 12, 13 തീയതികളിൽ ശാന്തിഗിരിയിൽ ചിപ്പിക്കൂൺ, പാൽക്കൂൺ കൃഷി പരിശീലനം സംഘടിപ്പിക്കും. രജിസ്ട്രേഷൻ ഫീസ് 250 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9995972721.

കേരള യൂണിവേഴ്സിറ്റി

എം.ബി.എ (ഐ.ഡി.ഇ) പ്രവേശന പരീക്ഷ

കേരള സർവകലാശാല വിദൂരപഠനകേന്ദ്രം നടത്തുന്ന ദ്വിവത്സര എം.ബി.എ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ ഫെബ്രുവരി 13 -ന് രാവിലെ 9.30 മുതൽ 12.30 വരെ കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനിയറിംഗ് കോളേജിൽ നടത്തും. ഹാൾടിക്കറ്റ് ലഭിക്കാത്തവർ അന്നേദിവസം പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം പരീക്ഷാകേന്ദ്രത്തിൽ ഹാജരാകണം.

സെനറ്റ് യോഗം

കേരള സർവകലാശാല സെനറ്റിന്റെ വാർഷിക യോഗം മാർച്ച് 23, 24 തീയതികളിൽ സർവകലാശാല സെനറ്റ് ചേമ്പറിൽ ചേരും. ഉന്നയിക്കേണ്ട ചോദ്യങ്ങൾ ഫെബ്രുവരി 18 -ന് വൈകിട്ട് നാല് മണിക്ക് മുമ്പും, പ്രമേയങ്ങൾ ഫെബ്രുവരി 21 വൈകിട്ട് നാല് മണിക്ക് മുമ്പും രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കണം.

എം.എസ്.ഡബ്ലിയു പരീക്ഷാഫലം

ഒക്ടോബർ/ നവംബറിൽ നടത്തിയ ഒന്നും രണ്ടും മൂന്നും വർഷ എം.എസ്.ഡബ്ലിയു (ഈവനിംഗ് കോഴ്സ്) പരീക്ഷാഫലം വെബ്സൈറ്റിലും (www.kerala university. ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും. പിരപ്പൻകോട് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിലെ സുരേഷ്കുമാർ. വി (രജി. നം. 807) ഒന്നാം റാങ്ക് നേടി.

എം.ഫിൽ പരീക്ഷാഫലം

എം.ഫിൽ ഡിഗ്രി (2009-2010 ബാച്ച്) (ഇക്കണോമിക്സ്, ഹിസ്റ്ററി, ഹിന്ദി, ഫിസിക്സ്, ബയോകെമിസ്ട്രി, സൈക്കോളജി, മ്യൂസിക് എന്നീ പരീക്ഷാഫലങ്ങൾ വെബ് സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും

പി.ജി മൂന്നാം സെമസ്റ്റർ ടൈംടേബിൾ

മാർച്ച് 14-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.ടി.എ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിലും (www. kerala university.ac.in) അതത് പരീക്ഷാ കേന്ദ്രങ്ങളിലും ലഭിക്കും. സമയം രാവിലെ 9.30 മുതൽ 12.30 വരെ.

ഐ.ഡി.ഇ അസൈൻമെന്റ്

വിദൂരപഠനകേന്ദ്രം കാര്യവട്ടം കേന്ദ്രത്തിലെ അവസാന വർഷ എം.എ മലയാളം അസൈൻമെന്റ് ഫെബ്രുവരി 28-നകം സമർപ്പിക്കണം. വിവരങ്ങൾക്ക് 9447453145.

സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രവും മാജിക് അക്കാഡമിയും സംയുക്തമായി സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്ട് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് ഈ കോഴ്സിലേക്ക് അപേക്ഷിക്കാം.

കോഴ്സ് കാലാവധി മൂന്ന് മാസം. താത്പര്യമുള്ളവർ പി.എം.ജി സ്റ്റുഡന്റ്സ് സെന്റർ കാമ്പസിലുള്ള സി.എ.സി.ഇ.ഇ ഓഫീസുമായോ പൂജപ്പുരയിലുള്ള മാജിക് അക്കാഡമിയുമായോ ബന്ധപ്പെടുക.

അപേക്ഷകൾ ഫെബ്രുവരി 19 വരെ സ്വീകരിക്കും. വിവരങ്ങൾക്ക് ഫോൺ. 0471-2302523, 2358910.

KAUMUDI